പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 705

07.01.2014 ൽ
മറുപടിയ്ക്ക്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി

| ചോദ്യം<br>ഡോ. ടി. എം. തോമസ് ഐസക് | | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരളയ്ക്ക് സ്വന്തം ക്യാമ്പസ് നിർമ്മിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരളയ്ക്ക് ടെക്നോസിറ്റിയിൽ കൈമാറി കിട്ടിയ 10 ഏക്കർ സ്ഥലത്ത് ക്യാമ്പസ് നിർമ്മിക്കുന്നതിന് ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | 2000-ൽ ഈ സ്ഥാപനത്തോടൊപ്പം ആരംഭിച്ച ഹൈദരാബാദിലേയും, ബാംഗ്ലൂരിലേയും, അലഹബാദിലേയും ട്രിപ്പിൾ ഐ.ടി.കൾ സ്വന്തം ക്യാമ്പസിനുള്ളിൽ കല്പിത സർവ്വകലാശാല പദവി നേടിയെടുത്തു പ്രവർത്തിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഉണ്ട്. ഹൈദരാബാദ്, ബാംഗ്ലൂർ, അലഹബാദ് എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ ആരംഭിച്ചത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (IIIT) കളാണ്. ഇതുപോലെ കോട്ടയം ജില്ലയിൽ പാലായിൽ കേന്ദ്ര സഹായത്തോടെ പി.പി.പി. മോഡലിൽ ഒരു ട്രിപ്പിൾ ഐ.ടി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| സി) | സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട സ്ഥാപനത്തിന് എ.ഐ.സി.ടി.ഇ. യുടെ അംഗീകാരം നേടിയെടുക്കാൻ പോലും കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്; | സി) | പാലായിലെ നിർദ്ദിഷ്ട IIIT യ്ക്ക് എ.ഐ.സി.ടി.ഇ. യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന IIITM-Kയ്ക്ക് എ.ഐ.സി.ടി.ഇ. നിർദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമല്ല. ടെക്നോസിറ്റിയിൽ പുതുതായി നിർമ്മിക്കുന്ന ക്യാമ്പസ് എ.ഐ.സി.ടി.ഇ. യുടെ നിബന്ധനകൾ എല്ലാംതന്നെ പാലിച്ചുകൊണ്ടുള്ളതാണ്. |

| | | | |
|---|---|---|---|
| ഡി) | ബി.ടെക് കഴിഞ്ഞവർക്ക് ഉന്നത പഠനത്തിനായുള്ള നിർദ്ദിഷ്ട സ്ഥാപനം കെട്ടിട സൗകര്യത്തോടും അംഗീകൃത കോഴ്സുകളോടും കൂടി എന്നു നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ; ഇതിനായി ഇതിനകം സ്വീകരി ച്ച നടപടികൾ വിശദമാക്കാമോ; | ഡി) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് – കേരളയ്ക്ക് ടെക്നോസിറ്റിയിൽ കൈമാറി കിട്ടിയ 10 ഏക്കർ സ്ഥലത്ത് ക്യാമ്പസ് നിർമ്മിക്കുന്നതിന് ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. പാലായിലെ IIIT സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| ഇ) | ഐ.ടി. വകുപ്പിന്റെ പരിഗണനയിൽ ഇരിക്കുന്ന നിർദ്ദിഷ്ട സ്ഥാപനത്തെ സംബന്ധിച്ച കാര്യങ്ങളിൽ സമയബന്ധിതമായി തീരുമാനം എടുക്കാൻ നടപടി സ്വീകരിക്കാമോ? | ഇ) | സമയബന്ധിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ